<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196</u> <u>18-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വടകരമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ; | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാനത്തിൽ പൊതുവെ നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സ്കോളർഷിപ്പ് പോലുള്ള പദ്ധതികൾ, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി എന്നിങ്ങനെ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രയോജനം വടകര മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. ഇതു കൂടാതെ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ; | (ബി) | പി എം ജെ വി കെ പദ്ധതി പ്രകാരം അനുവദിച്ച 5 പ്രവർത്തികളിൽ 1 പ്രവൃത്തി ( ഡയാലിസിസ് സെന്റർ ) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പ്രവൃത്തികളിൽ 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലും 1 പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. |
| (സി) | ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയിൽ അനുവദിക്കപ്പെട്ട പോജക്ടുകൾക്ക് അംഗീകരിക്കുന്ന തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. മണ്ഡലത്തിൽ പദ്ധതി പ്രകാരം അനുവദിച്ച പ്രോജക്ടുകൾക്ക് നീക്കി വച്ച തുകയുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| **പ്രോജക്ടിന്റെ പേര്** | **അംഗീകരിച്ച തുക (ലക്ഷത്തിൽ)** | **ചെലവാക്കി തുക** |
|---|---|---|
| ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ-വടകര മുനിസിപ്പാലിറ്റി സെമിനാർ | 82.09 | 73.684 |

| | | |
|---|---|---|
| ഹാൾ, STEM ലാബ് നിർമ്മാണം | | |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-വടകര മുനിസിപ്പാലിറ്റി | 190 | 92.547 |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-പനിക്കോട്ടി | 160 | 32.7889 |
| ജില്ലാ ആശുപത്രി വടകരയ്ക്കായി ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ | 211.78 | 211.78 |
| ഗവൺമെന്റ് ജില്ലാ ആശുപത്രി വടകര, ഘട്ടം II-ന്റെ നിർമ്മാണം | 8318.23 | 705.11407 |

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയിൽ അനുവദിക്കപ്പെട്ട പോജക്റ്റുകൾക്ക് അംഗീകരിക്കുന്ന തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. മണ്ഡലത്തിൽ പദ്ധതി പ്രകാരം അനുവദിച്ച പ്രോജക്റ്റുകൾക്ക് നീക്കി വച്ച തുകയുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **പ്രോജക്റ്റിന്റെ പേര്** | **അംഗീകരിച്ച തുക (ലക്ഷത്തിൽ)** | **ചെലവാക്കി തുക** |
|---|---|---|
| ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ-വടകര മുനിസിപ്പാലിറ്റി സെമിനാർ ഹാൾ, STEM ലാബ് നിർമ്മാണം | 82.09 | 73.684 |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-വടകര മുനിസിപ്പാലിറ്റി | 190 | 92.547 |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-പനിക്കോട്ടി | 160 | 32.7889 |
| ജില്ലാ ആശുപത്രി വടകരയ്ക്കായി ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ | 211.78 | 211.78 |
| ഗവൺമെന്റ് ജില്ലാ ആശുപത്രി വടകര, ഘട്ടം II-ന്റെ നിർമ്മാണം | 8318.23 | 705.11407 |

<table>
<tr>
<td>(ഇ)</td>
<td>ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?</td>
<td>(ഇ)</td>
<td>കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയിൽ അനുവദിക്കപ്പെട്ട പോജക്ടുകൾക്ക് അംഗീകരിക്കുന്ന തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. മണ്ഡലത്തിൽ പദ്ധതി പ്രകാരം അനുവദിച്ച പ്രോജക്ടുകൾക്ക് നീക്കി വച്ച തുകയുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>പ്രോജക്ടിന്റെ പേര്</th><th>അംഗീകരിച്ച തുക (ലക്ഷത്തിൽ)</th><th>ചെലവാക്കി തുക</th></tr>
<tr><td>ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ-വടകര മുനിസിപ്പാലിറ്റി സെമിനാർ ഹാൾ, STEM ലാബ് നിർമ്മാണം</td><td>82.09</td><td>73.684</td></tr>
<tr><td>കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-വടകര മുനിസിപ്പാലിറ്റി</td><td>190</td><td>92.547</td></tr>
<tr><td>കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-പനിക്കോട്ടി</td><td>160</td><td>32.7889</td></tr>
<tr><td>ജില്ലാ ആശുപത്രി വടകരയ്ക്കായി ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ</td><td>211.78</td><td>211.78</td></tr>
<tr><td>ഗവൺമെന്റ് ജില്ലാ ആശുപത്രി വടകര, ഘട്ടം II-ന്റെ നിർമ്മാണം</td><td>8318.23</td><td>705.11407</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ